നമ്പർ എൻ.ഇ.പി 3/9570/11

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം

തീയതി : 10.02.2011

## സർക്കുലർ

**വിഷയം :** **ഹൈസ്കൂൾ ക്ലാസ്സുകളിലെ 2010-11 അധ്യയനവർഷത്തെ വാർഷിക ഐ.ടി.പ്രായോഗിക പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

**സൂചന:-** 28.10.2010-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ.ഇ.പി (3)/75345/10 നമ്പർ സർക്കുലർ.

സംസ്ഥാനത്ത് 2007-08 അദ്ധ്യയന വർഷം മുതൽ 8,9,10 ക്ലാസ്സുകളിൽ പൂർണ്ണമായും IT@School GNU/LINUX ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിലാണ് ഐ.ടി.പഠനം നടക്കുന്നത്. ഈ ക്ലാസ്സുകളിലെ ഐ.ടി പ്രായോഗിക പരീക്ഷ നടത്തുന്നതിന് പ്രത്യേകം വികസിപ്പിച്ചെടുത്ത സോഫ്റ്റ്വെയറാണ് ഉപയോഗിക്കുന്നത്. സംസ്ഥാനത്തുടനീളം ഏകീകൃത രീതിയിൽ ഐ.ടി. പ്രായോഗിക പരീക്ഷ നടത്തണമെന്ന ഉദ്ദേശത്തോടുകൂടിയാണ് പ്രസ്തുത സോഫ്റ്റ്വെയർ വികസിപ്പിച്ചെടുത്തിട്ടുള്ളത്. 8,9 ക്ലാസുകളിൽ 2010-11 അധ്യയനവർഷത്തിലെ വാർഷിക ഐ.ടി പ്രായോഗിക പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

(1) ഐ.ടി പ്രായോഗിക പരീക്ഷ IT@School GNU/LINUX ഓപ്പറേറ്റിംഗ് സിസ്റ്റത്തിലാണ് നടത്തേണ്ടത്.

(2) ഐ.ടി പ്രായോഗിക പരീക്ഷ 2011 ഫെബ്രുവരി 16 ന് ആരംഭിച്ച് മാർച്ച് 31 നകം നടത്തിത്തീർക്കേണ്ടതാണ്. സ്കൂളുകളിലെ കമ്പ്യൂട്ടർ ലാബിന്റേയും പരീക്ഷനടത്തേണ്ട അധ്യാപകരുടേയും ലഭ്യത അനുസരിച്ച് സ്കൂളുകളുടെ സൗകര്യാർത്ഥം പ്രായോഗിക പരീക്ഷ നടത്തിതീർക്കേണ്ടതാണ്.

(3) അർദ്ധവാർഷിക പരീക്ഷയുടെ മാതൃകയിൽ തന്നെയാണ് വാർഷിക ഐ.ടി പ്രായോഗിക പരീക്ഷയും നടത്തുന്നത്. വാർഷിക പരീക്ഷയുടെ പാഠഭാഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(4) 8, 9 ക്ലാസുകളിലെ വാർഷിക പരീക്ഷയ്ക്ക് ആവശ്യമായ പ്രത്യേക സോഫ്ട്വെയർ സി.ഡിയും ഇൻവിജിലേറ്റർ കോഡും 2011 ഫെബ്രുവരി 16-ന് മുമ്പ് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ലഭ്യമാക്കുന്നതാണ്.

(5) സ്കൂളുകൾക്ക് ലഭിക്കുന്ന പരീക്ഷാ സോഫ്റ്റ്വെയർ സ്കൂളിനുപുറമെ പരസ്യപ്പെടുത്തുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ട പൂർണ ഉത്തരവാദിത്തം സ്കൂൾ ഹെഡ്മാസ്റ്റർക്കാണ്.

(6) ഈ പ്രായോഗിക പരീക്ഷയിൽ ലഭിക്കുന്ന സ്കോർ വർഷാന്ത്യ എഴുത്തു പരീക്ഷയിൽ ലഭിക്കുന്ന സ്കോറിനോടൊപ്പം ചേർക്കേണ്ടതും അടുത്ത ക്ലാസിലേക്കുള്ള പ്രമോഷന് പരിഗണിക്കേണ്ടതുമാണ്.

(7) ഓരോ ക്ലാസിലെയും ഐ.ടി പ്രായോഗിക പരീക്ഷ മുകളിൽപ്പറഞ്ഞ സമയത്തിനുള്ളിൽ നടത്തിത്തീർക്കേണ്ടതും കൺസോളിഡേറ്റഡ് സ്കോർഷീറ്റിന്റെ പ്രിന്റ് ഔട്ട് ഹെഡ്മാസ്റ്ററും സ്കൂൾ ഐ.ടി കോർഡിനേറ്ററും ഒപ്പിട്ട് പരിശോധനക്കായി ഐടി@സ്കൂൾ പ്രോജക്ടിന്റെ ജില്ലാ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

10/2/2011

പൊതുവിദ്യാഭ്യാസ ഡയറക്ടർ

1. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി.@സ്ക്കൂൾ പ്രോജക്ട്
2. എല്ലാ DDEമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഹൈസ്കൂൾ പ്രഥമ അദ്ധ്യാപകർക്കും *(ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)*
5. ജില്ലാ കോർഡിനേറ്റർ/മാസ്റ്റർ ട്രെയിനർ കോർഡിനേഷൻ/മാസ്റ്റർ ട്രെയിനർമാർ, ഐ.ടി@സ്കൂൾ പ്രോജക്ട്.

## അനുബന്ധം (I)

## 8,9 ക്ലാസുകളിലെ വാർഷിക ഐ.ടി പ്രായോഗിക പരീക്ഷയെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ

പ്രായോഗിക പരീക്ഷയ്ക്ക് 20 സ്കോറാണ് നിശ്ചയിച്ചിരിക്കുന്നത്. അതിൽ 18 സ്കോർ ഐ.ടി.ശേഷികൾ പരിശോധിക്കുന്നതിനും 2 സ്കോർ ഐ.ടി പ്രാക്ടിക്കൽ വർക്ക്ബുക്കിനും ആണ്. പ്രാക്ടിക്കൽ വർക്ക്ബുക്കും 18 സ്കോറിനുള്ള ഉത്തരങ്ങളും പ്രായോഗികപരീക്ഷ നടത്തുന്ന അദ്ധ്യാപകർ തന്നെ മൂല്യനിർണ്ണയം നടത്തേണ്ടതാണ്. അധ്യാപകന്റെ മൂല്യനിർണ്ണയത്തിൽ ലഭിച്ച സ്കോറും പ്രാക്ടിക്കൽ വർക്ക്ബുക്കിന് ലഭിച്ച സ്കോറും സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തു ന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും. ഓരോ വിഭാഗത്തിൽ നിന്നും ലഭ്യമാകുന്ന 2 ചോദ്യങ്ങളിൽ ഒരു ചോദ്യത്തിനാണ് കുട്ടികൾ ഉത്തരം നല്കേണ്ടത്. 8, 9, ക്ലാസ്സുകളിലെ വാർഷിക ഐ.ടി പ്രായോഗിക പരീക്ഷയ്ക്കുള്ള പാഠഭാഗങ്ങളും പരീക്ഷയിൽ ഓരോ പാഠഭാഗത്തിനുമുള്ള സ്കോറുകളും താഴെക്കൊടു ത്തിരിക്കുന്നു.

### സ്റ്റാൻഡേർഡ് - VIII

| ക്രമ നമ്പർ | വിഭാഗം | പാഠഭാഗം | സോഫ്റ്റ് വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ | ഉത്തരം നല്കേണ്ട ചോദ്യങ്ങൾ | സ്ക്കോർ | ആകെ സ്ക്കോർ |
|---|---|---|---|---|---|---|
| 1. | Part I | ഓപ്പൺ ഓഫീസ് കാൽക്ക് | 2 | 1 | 4 | 4 |
| | | ഓപ്പൺ ഓഫീസ് ഇംപ്രസ് | 2 | 1 | 4 | 4 |
| | | മാർബിൾ കെ-സ്റ്റാർഴ്സ് എക്സാർമാപ്പ് കളിയല്ല കാര്യം | 2 | 1 | 4 | 4 |
| 2 | Part-II | ജിയോജിബ്ര | 2 | 1 | 6 | 6 |
| പ്രാക്ടിക്കൽ വർക്ക് ബുക്ക് | | | | | | 2 |
| **ആകെ സ്ക്കോർ** | | | | | | 20 |

### സ്റ്റാൻഡേർഡ് - IX

| ക്രമ നമ്പർ | വിഭാഗം | പാഠഭാഗം | സോഫ്റ്റ് വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ | ഉത്തരം നല്കേണ്ട ചോദ്യങ്ങൾ | സ്ക്കോർ | ആകെ സ്ക്കോർ |
|---|---|---|---|---|---|---|
| 1. | Part I | ഓപ്പൺഓഫീസ് റൈറ്റർ | 2 | 1 | 4 | 4 |
| | | ഓപ്പൺഓഫീസ് കാൽക്ക് | 2 | 1 | 4 | 4 |
| | | ഓപ്പൺഓഫീസ് ഇംപ്രസ് | 2 | 1 | 4 | 4 |
| 2 | Part-II | ജിമ്പ്, ബേസിക്, എച്ച്.ടി.എം.എൽ | 2 | 1 | 6 | 6 |
| പ്രാക്ടിക്കൽ വർക്ക് ബുക്ക് | | | | | | 2 |
| **ആകെ സ്ക്കോർ** | | | | | | 20 |